5. വായ്പ ഉപയോഗിച്ച് വാങ്ങുന്ന മുഴുവൻ ബസ്സുകൾക്കും പ്രതിദിനം 1000 രൂപ നിരക്കിൽ മുതലും പലിശയുമായി തിരിച്ചടവിന് വേണ്ടി നിക്ഷേപിക്കേണ്ടതാണ്. ദിനംപ്രതി അടയ്ക്കുന്ന തുകയ്ക്ക് ഹ്രസ്വകാല ഡെപ്പോസിറ്റായി പരിഗണിച്ച് പലിശനൽകുന്നതും ഈ തുക മുതലും പലിശയും ഇനത്തിൽ അഡ്ജസ്റ്റ് ചെയ്യേണ്ടതുമായിരിക്കും.

ജില്ലാ സഹകരണ ബാങ്കുകളുടെ വ്യവസ്ഥകൾ

1. 13% പലിശനിരക്കിലാണ് വായ്പ അനുവദിക്കുന്നത്.

2. 36 മാസംകൊണ്ട് വായ്പ തുക പലിശ ഉൾപ്പെടെ തിരിച്ചടയ്ക്കണം.

3. അതാതു ജില്ലകളിൽപ്പെടുന്ന ട്രാൻസ്പോർട്ട് ഡിപ്പോകളിലാണ് ഈ വായ്പ ഉപയോഗിച്ചു വാങ്ങുന്ന വണ്ടികൾ സർവ്വീസ് നടത്തേണ്ടത്.

4. വായ്പത്തുക ഉപയോഗിച്ച് വാങ്ങുന്ന വസ്തുക്കളുടെ വരുമാനത്തിൽനിന്നും പ്രതിദിനം 1233 രൂപ ബാങ്കിൽ അടയ്ക്കേണ്ടതുണ്ട്.

ആലുവ-കിഴക്കമ്പലം കരിമുകൾ തൃപ്പൂണിത്തുറ വഴി ബസ്സ് സർവ്വീസ്

93(1917)ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-കിഴക്കമ്പലം-പള്ളിക്കര-പെരിങ്ങാല-കരിമുകൾ തൃപ്പൂണിത്തുറ വഴി എറണാകുളത്തേക്കുള്ള കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് നിർത്തിവച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയിരക്കണക്കിന് തൊഴിലാളികൾ പണിചെയ്യുന്ന വ്യവസായ കേന്ദ്രങ്ങളുള്ള ഈ റൂട്ടിൽ ഒരു ബസ്സ് സർവ്വീസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലുവ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഇത്തരത്തിലൊരു സർവ്വീസ് കഴിഞ്ഞ 15 വർഷമായി നിലവിലില്ല.

(ബി) നിരവധി സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്ന മേഖലയായതിനാൽ ടി റൂട്ടിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത് ലാഭകരമായിരിക്കില്ല. ആയതിനാൽ ബസ്സ് സർവ്വീസ് നടത്താൻ നിർവ്വാഹമില്ല.

94 (1918) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(ബി) താൽക്കാലിക ഡ്രൈവർമാരെ ഇപ്പോൾ നിയമിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly